"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റായി സേവനമനുഷ്ഠിക്കുന്ന എറണാകുളം ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി. സുജ. പി-യുടെ അന്യത്ര സേവനകാലാവധി 02/11/2024 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2065/2024/LSGD തീയതി,തിരുവനന്തപുരം, 29-10-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം.2402/2023/ത.സ്വ.ഭ.വ, തീയതി: 02-12-2023
2. സ.ഉ.(സാധാ) നം.2847/2022/ത.സ്വ.ഭ.വ, തീയതി: 18.11.2022
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.10.2024 -ലെ എൽ.എസ്.ജി.ഡി/പി.ഡി/56151/2023-ഡി.ഇ.എഫ് 2 നമ്പർ കത്ത്.
4. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 21.10.2024 -ലെ എസ്.ഇ.സി/693/2020-എ1 നമ്പർ കത്ത്.

**ഉത്തരവ്**

മേൽ പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന എറണാകുളം ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി. സുജ. പി.യുടെ അന്യത്ര സേവനകാലാവധി 01/11/2024 -ൽ അവസാനിക്കുകയാണെന്നും 02/11/2024 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (4) പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു. ശ്രീമതി. സുജ.പി-യുടെ അന്യത്ര സേവനകാലാവധി 02/11/2024 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് എതിർപ്പില്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തെരഞ്ഞെടുപ്പ്

കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന എറണാകുളം ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി. സുജ.പി-യുടെ അന്യത്ര സേവനകാലാവധി നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി 02/11/2024 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹർഷ വി എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്ത്, എറണാകുളം ജില്ല. (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

ശ്രീമതി. സുജ. പി, ഓഫീസ് അറ്റൻഡന്റ്, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 30-10-2024 10:44:19